ഉത്തരം

(എ)&(ബി) ഇത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരാമർശങ്ങളൊന്നും ഗവണ്മെന്റിനോ സർവകലാശാലയ്ക്കോ ലഭിച്ചിട്ടില്ല.

65 (1609) സ്വകാര്യ മാനേജ്മെന്റ് കോളേജുകൾ

ശ്രീ. എം. മുരളി :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.എസ്. ന്റേയും എസ്.എൻ.ഡി.പി. യുടേയും മാനേജ്മെന്റുകളിൽ എത്ര കോളേജുകൾ വീതമുണ്ട്;

(ബി) എൻ.എസ്.എസ്.ന്റെ കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രിയുടെ എത്ര സീറ്റുകൾ ഇതുവരെ വേർപ്പെടുത്തി;

(സി) എസ്.എൻ.ഡി.പി. യുടെ കോളേജുകളിൽ നിന്ന് എത്ര സീറ്റുകൾ ഇതുവരെ വേർപ്പെടുത്തി;

(ഡി) എൻ.എസ്.എസ്.നും എസ്.എൻ.ഡി.പി.ക്കും പ്ലസ് ടുവിനുള്ള എത്ര സീറ്റുകൾ വീതം അനുവദിച്ചു;

(ഇ) കൂടുതൽ പ്ലസ് ടു സ്ഥാപനങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എസ്.എൻ.ഡി.പി. ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(എഫ്) ഇതിനായി അവർ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) എൻ.എസ്.എസ്. - 17
(ആർട്സ് ആന്റ് സയൻസ് കോളേജുകൾ - 14
ട്രെയിനിംഗ് കോളേജുകൾ - 3)
എസ്.എൻ.ഡി.പി. - 15
(ആർട്സ് ആന്റ് സയൻസ് കോളേജുകൾ - 14
ട്രെയിനിംഗ് കോളേജ് - 1)

(ബി) 3600 സീറ്റുകൾ.

(സി) 2640 സീറ്റുകൾ.

(ഡി) എൻ.എസ്.എസ്. - 2950 സീറ്റുകൾ
എസ്.എൻ.ഡി.പി.ക്കും
എസ്.എൻ. ട്രസ്റ്റിനും കൂടി - 4550 സീറ്റുകൾ

(ഇ) ഉണ്ട്.

(എഫ്) ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതുവരെ എസ്. എൻ. ട്രസ്റ്റിന്റെ കീഴിലുള്ള ശ്രീനാരായണ കോളേജുകളിൽനിന്നും 1999-2000 അദ്ധ്യയനവർഷത്തിൽ പി.ഡി.സി. ഡീലിങ്ക് ചെയ്യരുത് അല്ലെങ്കിൽ വേർപ്പെടുത്തുന്ന പി.ഡി.സി. ബാച്ചുകൾ അതാതു കോളേജിൽത്തന്നെ നടത്തുന്നതിനും സർക്കാരിന് നിർദ്ദേശം നൽകണമെന്നുമാണ് കേസിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly